പാഠപുസ്തക വിതരണത്തിലെ കാലതാമസം

88 (1165) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. ടി. വി. രാജേഷ് :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീമതി കെ. എസ്. സലീഖ : [illegible] വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഈ അദ്ധ്യയനവർഷത്തെ [illegible] പരീക്ഷ എന്ന് നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പരീക്ഷയ്ക്കുള്ള മുന്നൊരുക്കങ്ങൾ എന്തൊക്കെയാണ് [illegible] ള്ളത്;

(സി) പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികൾക്ക് പാഠപുസ്ത[illegible] ഇതുവരെ ലഭ്യമായിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടു[illegible] പാഠപുസ്തക വിതരണം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) അർദ്ധവാർഷിക പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ [illegible]ന്ധിയുണ്ടോ ; പ്രസ്സുകാർക്ക് കുടിശ്ശിക നൽകാനുണ്ടോ ; കഴിഞ്ഞ [illegible] മിക്ക സ്കൂളുകളിലും ചോദ്യപേപ്പർ തികയാതെ വന്ന കാര്യം അറിവുള്ളോ ;

(ഇ) പാഠപുസ്തക വിതരണത്തിലും പരീക്ഷാ നടത്തിപ്പിലും [illegible] ായുണ്ടാകുന്ന അലംഭാവം പൊതുവിദ്യാഭ്യാസ മേഖലയുടെ തകർച്ചയ്ക്ക് [illegible]ന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഒന്നാം മുതൽ പത്ത് വരെ ക്ലാസുകളിലെ [illegible] പരീക്ഷ 2015 മുതൽ 18-12-2015 വരെ നടത്താനാണ് [illegible] ഹയർ സെക്കന്ററി [illegible]നും ഹയർ സെക്കന്ററി പരീക്ഷയിൽ 10-12-2015 മുതൽ 17-12-2015 വരെ [illegible]താനാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ചോദ്യങ്ങൾ തയ്യാറാക്കി അച്ചടിച്ച് സ്കൂളുകളിൽ [illegible]ക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. പരീക്ഷ നടത്തിപ്പിന് [illegible] സർക്കുലർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ [illegible]ടെബിളും 25-11-2015 തീയതിയിൽ തന്നെ DHSE പോർട്ടലിൽ [illegible] സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടേയും അറിവിലേക്കായി [illegible]കരിച്ചി[illegible]

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒന്നാം വാല്യം പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ട്. സ്കൂൾ ഹെഡ്മാസ്റ്റർ നൽകിയ ഇൻഡന്റ് പ്രകാരം ഉള്ള രണ്ടാം വാല്യം പാഠപുസ്തക വിതരണം 30-10-2015-നകം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി പാഠപുസ്തകങ്ങൾ ആവശ്യമുള്ളപക്ഷം അതിനുവേണ്ടിയുള്ള ഇൻഡന്റ് 7-12-2015-നകം നൽകാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാംഘട്ട വിതരണവും പൂർത്തിയായിട്ടുണ്ട്.

(ഡി) അർദ്ധവാർഷിക പരീക്ഷകൾക്കുള്ള ചോദ്യപേപ്പർ അച്ചടിച്ച വകയിൽ ഗവൺമെന്റ് പ്രസ്സിനും സ്വകാര്യ പ്രസ്സുകൾക്കും കുടിശ്ശിക നൽകുവാനുണ്ട്. കഴിഞ്ഞ ഒന്നാം പാദവാർഷിക പരീക്ഷയ്ക്ക് മതിയായ എണ്ണം ചോദ്യപേപ്പർ അച്ചടിച്ച് സ്കൂളുകൾക്ക് നൽകുന്നതിന് അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതല പെടുത്തുകയും ആവശ്യാനുസരണം ചോദ്യപേപ്പർ അച്ചടിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ചോദ്യപേപ്പർ തികയാതെ വന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഇ) അവ്യക്തമായ ഉണ്ടായിട്ടില്ല.

ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

89 (1166) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനമദ്ധ്യത്തിൽ പ്രവർത്തിക്കുന്ന എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിദ്യാലയങ്ങളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും ഈ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ആവശ്യമായ ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് ഏജൻസി ആണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly